**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 821** **09-10-2024 - ൽ മറുപടിയ്ക്ക്**

**കോന്നി മണ്ഡലത്തിലെ നഗറുകളിലെ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കോന്നി മണ്ഡലത്തിൽ പട്ടികജാതി കോർപ്പസ് ഫണ്ടിൽ നിന്നും തുക അനുവദിച്ച് പ്രവൃത്തി ആരംഭിച്ച കലഞ്ഞൂർ പഞ്ചായത്തിലെ പാടം-ഇരുട്ടുതറ ലക്ഷംവീട് നഗർ പ്രവൃത്തി, പ്രമാടം പഞ്ചായത്തിലെ കൈതക്കര പട്ടികവർഗ്ഗ നഗർ പ്രവൃത്തി, അരുവാപ്പുലം പഞ്ചായത്തിലെ കാട്ടാത്തി കോട്ടാംപാറ പട്ടികവർഗ്ഗ നഗർ പ്രവൃത്തി എന്നിവയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ? | (എ) | പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള പാടം - ഇരുട്ടുതറ ലക്ഷം വീട് നഗറിൽ ടി പദ്ധതിയുടെ നിർമ്മാണ ഉദ്ഘാടനം നടത്തുകയും നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രത്തിന് അഡ്വാൻസ് തുകയായി 20,00,000/-രൂപ അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. ഗുണഭോക്താക്കളുടെ എതിർപ്പുകാരണം പ്രവർത്തികൾ ആരംഭിക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. എന്നാൽ ഇപ്പോൾ 25% പ്രവർത്തികൾ (വീട് മെയിന്റനൻസ് - 8, റീട്ടെയിനിംഗ് വാൾ, റോഡ് കോൺക്രീറ്റിംഗ് - 1) പൂർത്തീകരിച്ചിട്ടുണ്ട്. മറ്റ് നിർമ്മാണ പ്രവർത്തികൾ പുരോഗമിച്ചു വരുന്നു.<br><br>പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ 2017-18 വർഷം തെരഞ്ഞെടുത്ത പ്രമാടം പഞ്ചായത്തിലെ കൈതക്കര പട്ടികവർഗ്ഗ നഗറിൽ നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2020-21 വർഷം പ്രസ്തുത പദ്ധതിയിൽ തെരഞ്ഞെടുത്ത അരുവാപ്പുലം പഞ്ചായത്തിലെ കാട്ടാത്തി കോട്ടാംപാറ നഗറിൽ നിർമ്മാണ പ്രവർത്തികൾ നിർവ്വഹിക്കുന്നതിനുള്ള പ്രവർത്താനാനുമതി ഉത്തരവ് നൽകിയിട്ടുണ്ട്. നിർവ്വഹണ ഏജൻസിയായ നിർമ്മിതി കേന്ദ്രം പ്രവർത്തികൾ നിർവ്വഹിക്കുന്നതിനുള്ള ടെണ്ടർ ക്ഷണിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ